2025 APRIL
30
WEDNESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇന്ത്യ പാക് സംഘർഷം: ഡിഫൻസ് ഓഹരികളിൽ കുതിപ്പ്

**മുംബൈ:** ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള സംഘർഷം ഓരോ ദിവസം പിന്നിടുമ്പോഴും രൂക്ഷമാവുകയാണ്. ഇതാകട്ടെ വിപണിയിൽ ഗണ്യമായ ആശങ്കയും സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ മറുവശത്ത് ഡിഫൻസ് ഓഹരികളോടുള്ള താത്പര്യം വർധിക്കുകയും ചെയ്തു.ഡിഫൻസ് ഓഹരികളായ എച്ച്എഎൽ, ഭാരത് ഡൈനാമിക്സ്, ബിഇഎൽ, ഗാർഡൻ റീച്ച് ഷിപ്പ്യാർഡ്, മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ്, പരസ് ഡിഫൻസ് തുടങ്ങിയ പ്രതിരോധ മേഖലയിലെ കമ്പനികളുടെ ഓഹരികൾ ഇൻട്രാ ഡേ ട്രേഡിൽ 12% വരെ ഉയർന്നു. എച്ച്എഎല്ലിൻറെയും മറ്റ് പ്രതിരോധ കമ്പനികളുടെയും ഓഹരികളുടെ വില തുടർച്ചയായ രണ്ടാം സെഷനിലും കുതിച്ചുയർന്നു.



ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള വർധിച്ചുവരുന്ന സംഘർഷമാണ് പ്രധാന കാരണങ്ങളിലൊന്ന് എന്നതിൽ സംശയമില്ല. 26 റാഫേൽ മറൈൻ വിമാനങ്ങൾക്കായി ഫ്രാൻസുമായി 6,300 കോടി രൂപയുടെ നിർണായക കരാറിൽ ഇന്ത്യ ഒപ്പുവച്ചതും ഒരു പ്രധാന കാരണമായി കണക്കാക്കപ്പെടുന്നു.പ്രതിരോധ രംഗത്ത് പ്രവർത്തിക്കുന്ന കമ്പനികൾക്ക് ശക്തമായ ഓർഡർ ലഭിച്ചതും ഈ മേഖലയിലെ ഓഹരികളുടെ മുന്നേറ്റത്തിന് കാരണമാണ്. കരസേനയ്ക്കും വ്യോമസേനയ്ക്കും ലൈറ്റ് കോംബാറ്റ് ഹെലികോപ്റ്ററുകൾ വിതരണം ചെയ്യുന്നതിനായി ഹിന്ദുസ്ഥാൻ എയറോനോട്ടിക്സിന് 62,700 കോടി രൂപയുടെ ഓർഡറുകൾ ലഭിച്ചു.2025 ഏപ്രിൽ ഒന്ന് വരെയുള്ള കണക്കനുസരിച്ച് ഭാരത് ഡൈനാമിക്സ് 22,700 കോടി രൂപയുടെ ഓർഡറുകൾ നേടി. ഭാരത് ഇലക്ട്രോണിക്സ് 2803 കോടി രൂപയുടെ ഓർഡർ നേടി.

# എസ്.എസ്.എൽ.സി ഫലം: പ്രഖ്യാപനം മെയ് 9 ന്

**തിരുവനന്തപുരം:** എസ്.എസ്.എൽ.സി പരീക്ഷാ ഫലം മെയ് 9 ന് പ്രഖ്യാപിക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി സെക്രട്ടേറിയറ്റ് പി ആർ ചേമ്പറിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്തൊട്ടാകെ 72 കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിലായി ഏപ്രിൽ 3 മുതൽ 26 വരെ രണ്ട് ഘട്ടങ്ങളിലായി മൂല്യ നിർണ്ണയം കഴിഞ്ഞ് മാർക്ക് എൻട്രി നടപടികൾ പൂർത്തീകരിച്ചു.

എസ്.എസ്.എൽ.സി, റ്റി.എച്ച്.എസ്.എൽ.സി, എ.എച്ച്.എസ്.എൽ.സി പരീക്ഷകൾ 2025 മാർച്ച് മൂന്നിന് ആരംഭിച്ച് മാർച്ച് 26നാണ് അവസാനിച്ചത്. സംസ്ഥാനത്തൊട്ടാകെ 2,964 കേന്ദ്രങ്ങളിലും, ലക്ഷദ്വീപിലെ 9 കേന്ദ്രങ്ങളിലും, ഗൾഫ് മേഖലയിലെ 7 കേന്ദ്രങ്ങളിലുമായി 4,27,021 വിദ്യാർത്ഥികൾ (ആൺകുട്ടികൾ 2,17,696. പെൺകുട്ടികൾ 2,09,325) റഗുലർ വിഭാഗത്തിൽ പരീക്ഷ എഴുതി. സർക്കാർ മേഖലയിൽ 1,42,298 വിദ്യാർത്ഥികളും എയ്ഡഡ് മേഖലയിൽ 2,55,092 വിദ്യാർത്ഥികളും, അൺ എയിഡഡ് മേഖലയിൽ 29,631 വിദ്യാർത്ഥികളുമാണ് റഗുലർ വിഭാഗത്തിൽ പരീക്ഷയെഴുതിയത്. ഗൾഫ് മേഖലയിൽ 682 വിദ്യാർത്ഥികളും ലക്ഷദ്വീപ് മേഖലയിൽ 447 വിദ്യാർത്ഥികളും പരീക്ഷ എഴുതി. ഓൾഡ് സ്കീമിൽ 8 വിദ്യാർത്ഥികളാണ് പരീക്ഷ എഴുതിയത്.

റ്റി.എച്ച്.എസ്.എൽ.സി. വിഭാഗത്തിൽ 48 പരീക്ഷാകേന്ദ്രങ്ങളിലായി 3,057 വിദ്യാർത്ഥികൾ (ആൺകുട്ടികൾ 2,815. പെൺകുട്ടികൾ 242) പരീക്ഷ എഴുതി. എ.എച്ച്.എസ്.എൽ.സി. വിഭാഗത്തിൽ ഒരു പരീക്ഷാ കേന്ദ്രമാണ് ഉള്ളത്. ആർട്ട് ഹയർ സെക്കണ്ടറി സ്കൂൾ കലാമണ്ഡലം, ചെറുതുരുത്തി എന്നിവിടങ്ങളിൽ അറുപത്തിയഞ്ച് വിദ്യാർത്ഥികളും. എസ്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്) വിഭാഗത്തിൽ 29 പരീക്ഷാ കേന്ദ്രങ്ങളിലായി 206 വിദ്യാർത്ഥികളും റ്റി.എച്ച്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്) വിഭാഗത്തിൽ ഒരു പരീക്ഷാ കേന്ദ്രത്തിൽ 12 വിദ്യാർത്ഥികളുമാണ് പരീക്ഷ എഴുതിയതെന്ന് മന്ത്രി അറിയിച്ചു.

# പഹൽഗാമിന് തിരിച്ചടി നൽകാൻ സേനകൾക്ക് പൂർണ സ്വാതന്ത്ര്യം നൽകി പ്രധാനമന്ത്രി

**ന്യൂഡൽഹി:** പഹൽഗാം ഭീകരാക്രമണത്തിനു ശക്തമായ മറുപടി നൽകാൻ ഇന്ത്യ. തിരിച്ചടിക്കാൻ സൈന്യത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി പൂർണ സ്വാതന്ത്ര്യം നൽകിയതായി വാർത്താ ഏജൻസിയായ എഎൻഐ റിപ്പോർട്ട് ചെയ്തു. തിരിച്ചടിക്കാനുള്ള രീതി, ലക്ഷ്യങ്ങൾ ഏതൊക്കെ, തിരിച്ചടിക്കാനുള്ള സമയം എന്നിവ സേനകൾക്ക് തീരുമാനിക്കാമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, സംയുക്ത സേന മേധാവി ജനറൽ അനിൽ ചൗഹാൻ എന്നിവരുമായി ഔദ്യോഗിക വസതിയിൽ പ്രധാനമന്ത്രി നടത്തിയ കൂടിക്കാഴ്ചയിലാണ് തീരുമാനം. ഭീകരതയ്ക്ക് കനത്ത പ്രഹരം ഏൽപ്പിക്കുക എന്നത് നമ്മുടെ ദൃഢനിശ്ചയമാണെന്നും ഇന്ത്യൻ സൈന്യത്തിൽ തനിക്ക് പൂർണ വിശ്വാസമുണ്ടെന്നും പ്രധാനമന്ത്രി യോഗത്തിൽ പറഞ്ഞതായി എൻഡിടിവി റിപ്പോർട്ട് ചെയ്തു.യോഗം അവസാനിച്ചതിന് തൊട്ടുപിന്നാലെ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പ്രധാനമന്ത്രിയുടെ വസതിയിലെത്തി. രാജ്യം കണ്ട ഏറ്റവും വലിയ ഭീകരാക്രമണമാണ് പഹൽഗാമിലേത്.

# പഹൽഗാം ആക്രമണത്തിൽ പക്ഷപാതപരമായ റിപ്പോർട്ടിങ്; ബിബിസിയെ അതൃപ്തി അറിയിച്ച് കേന്ദ്ര സർക്കാർ

**ന്യൂഡൽഹി:** പഹൽഗാം ആക്രമണത്തിലെ ബിബിസി റിപ്പോർട്ടുകൾക്ക് എതിരെ കേന്ദ്ര സർക്കാർ. റിപ്പോർട്ടിങ് പക്ഷപാതപരമാണെന്നാണു കേന്ദ്ര സർക്കാർ നിലപാട്. തീവ്രവാദികൾക്കനുകൂലമായ റിപ്പോർട്ടുകളാണ് ബിബിസി നൽകുന്നത്. ബിബിസി മേധാവിയെ സർക്കാർ അതൃപ്തി അറിയിച്ചു. അതിനിടെ പഹൽഗാം ഭീകരാക്രമണത്തിനു ശേഷം പ്രകോപനപരവും വർഗീയവുമായ ഉള്ളടക്കം പ്രചരിപ്പിച്ചതിന് 16 പാക്കിസ്ഥാൻ യുട്യൂബ് ചാനലുകൾ ഇന്ത്യയിൽ നിരോധിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ചാനലുകൾക്ക് നിരോധനം ഏർപ്പെടുത്തിയത്. 16 ചാനലുകൾക്കുമായി 63 ദശലക്ഷം സബ്സ്ക്രൈബർമാരാണ് ഉണ്ടായിരുന്നത്.




ഡോൺ, സമ ടിവി, എആർവൈ ന്യൂസ്, ബോൾ ന്യൂസ്, റാഫ്തർ, ജിയോ ന്യൂസ്, സുനോ ന്യൂസ് എന്നീ വാർത്താ ഏജൻസികളുടെ യുട്യൂബ് ചാനലുകൾ നിരോധിച്ചവയിൽ ഉൾപ്പെടുന്നു. മാധ്യമപ്രവർത്തകരായ ഇർഷാദ് ഭട്ടി, അസ്മ ഷിറാസി, ഉമർ ചീമ, മുനീബ് ഫാറൂഖ് എന്നിവരുടെ യുട്യൂബ് ചാനലുകളും നിരോധിച്ചിട്ടുണ്ട്. ദി പാക്കിസ്ഥാൻ റഫറൻസ്, സമ സ്പോർട്സ്, ഉസൈർ ക്രിക്കറ്റ്, റാസി നാമ എന്നിവയാണ് നിരോധിച്ച മറ്റ് അക്കൗണ്ടുകൾ.

ഇന്ത്യയ്ക്കും സൈന്യത്തിനും സുരക്ഷാ ഏജൻസികൾക്കുമെതിരെ പ്രകോപനപരവും വർഗീയവുമായതുമായ ഉള്ളടക്കം ഈ ചാനലുകൾ നൽകിയെന്നാണു കേന്ദ്രസർക്കാർ വൃത്തങ്ങൾ പറയുന്നത്.



# ഉന്നതവിദ്യാഭ്യാസ മേഖല നവീകരണപാതയിലെന്ന് മന്ത്രി

**തിരുവനന്തപുരം:** സജീവതയുള്ള പ്രവർത്തനങ്ങളിലൂടെയും, കൃത്യമായ ഇടപെടലുകളിലൂടെയും സമഗ്രവും അടിസ്ഥാനപരവുമായ നവീകരണം ഉന്നത വിദ്യാഭാസ മേഖലയിൽ സർക്കാർ നടപ്പിലാക്കുകയാണെന്നു മന്ത്രി ആർ ബിന്ദു പറഞ്ഞു. അടുത്ത അക്കാദമിക്ക് വർഷത്തെ മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യുന്നതിനും നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ അവലോകനം നടത്തുന്നതിനുമായി നടന്ന കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം കേരള സർവ്വകലാശാല സെനറ്റ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.കഴിഞ്ഞ നാലു വർഷത്തിൽ 6,000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം 1,823 കോടി രൂപ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ചെലവിട്ടു. കിഫ്ബി, റൂസ, സർക്കാർ പ്ലാൻഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി അടിസ്ഥാനസൗകര്യ വിപുലീകരണ രംഗത്ത് വളരെ ഗുണപരമായ മുന്നേറ്റം കാഴ്ച വച്ചു. സ്മാർട്ട് ക്ലാസ്മുറികൾ, നവീകരിച്ച അഡ്മിനിസ്ട്രേറ്റിവ്, അക്കാദമിക് ബ്ലോക്കുകൾ, മികച്ച സൗകര്യങ്ങളുള്ള ലബോറട്ടറികൾ, ആധുനീകരിച്ച ലൈബ്രറികൾ തുടങ്ങിയ വികസനങ്ങൾ മിക്കവാറും എല്ലാ കലാലയങ്ങളിലും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതുവിൽ വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിച്ച ശ്യാം മേനോൻ കമ്മീഷന്റെ ആശയങ്ങൾ ഒന്നൊന്നായി വിജയകരമായി നടപ്പിലാക്കിവരികയാണ്. അക്കാദമിക ഉള്ളടക്കത്തിന്റെ കാര്യത്തിൽ ഘടനാപരമായ അഴിച്ചുപണി ഉൾപ്പടെ സാധ്യമാകുന്ന തരത്തിലാണ് നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കിയത്. അതിന്റെ ഭാഗമായി അടുത്ത അധ്യയന വർഷം മുതൽ സ്കിൽ, വൊക്കേഷണൽ കോഴ്സുകൾ എന്നിവ കാര്യക്ഷമമായി നടപ്പിൽ വരുത്തും. നൈപുണ്യ വിടവ് നികത്താൻ സഹായകരമായ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനും നൈപുണ്യ വികസനകേന്ദ്രം സജ്ജമാക്കുന്നതിനും വേഗത്തിൽ നടപടികൾ സ്വീകരിക്കും. സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് ആൻഡ് കരിയർ പ്ലാനിംഗ് കേന്ദ്രങ്ങളും പ്രൊഫഷണൽ നൈപുണ്യ പരിശീലന ഏജൻസികളുടെ സേവനവും കലാലയങ്ങളിൽ ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ലഹരി വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിപുലമായ പരിപാടികൾ ക്യാംപസുകളിൽ ആവിഷ്കരിക്കും. എൻഎസ്എസ് എൻസിസി സംയുക്തമായി ആവിഷ്ക്കരിച്ചിട്ടുള്ള ആസാദ് പ്രവർത്തനങ്ങൾ വിപുലീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സുധീർ. കെ അധ്യക്ഷത വഹിച്ചു. നാലുവർഷ ബിരുദ പ്രോഗ്രാം മോണിറ്ററിംഗ് കമ്മിറ്റി ചെയർപേഴ്സൺ പ്രൊഫ. കെ.എസ് അനിൽകുമാർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. സുനിൽ ജോൺ, ഡെപ്യൂട്ടി ഡയറക്ടർ ഡോ. വി.എസ്.ജോയ്, റിസർച്ച് ഓഫീസർമാരായ ഡോ. ഷഫീഖ് വി, ഡോ. കെ. സുധീന്ദ്രൻ എന്നിവർ സംസാരിച്ചു. കേരളത്തിലെ വിവിധ കോളേജുകളിലെ പ്രിൻസിപ്പൽമാർ യോഗത്തിൽ പങ്കെടുത്തു.

# മഴക്കാലപൂർവ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ മേയ് 2 മുതൽ ഒരു മാസക്കാലം

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഓപ്പറേഷൻ ലൈഫിന്റെ ഭാഗമായി മഴക്കാലത്തിന് മുന്നോടിയായി മേയ് 2 മുതൽ ഒരു മാസക്കാലം മഴക്കാലപൂർവ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ നടത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മലിനമായ ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയും നിരവധി രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന് പിന്നാലെയാണ് സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ശക്തമായ നടപടികൾക്കായി മഴക്കാലപൂർവ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ നടത്തുന്നത്. ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങളനുസരിച്ച് ഭക്ഷ്യ സ്ഥാപനങ്ങൾ സുരക്ഷിത ഭക്ഷണം നൽകേണ്ടതാണ്. ഭക്ഷണത്തിൽ മായം കലർത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. എഫ്എസ്എസ് ആക്ട് പ്രകാരം ഭക്ഷ്യ സുരക്ഷാ വകുപ്പും പൊതുജനാരോഗ്യ നിയമ പ്രകാരം ആരോഗ്യ വകുപ്പും നടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

ചൂട് കാലമായതിനാൽ ഭക്ഷണം പെട്ടെന്ന് കേടാകാൻ സാധ്യതയുള്ളതിനാൽ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം. മണത്തിലോ രുചിയിലോ വ്യത്യാസമുള്ള ഭക്ഷണം കഴിക്കരുത്. പാഴ്സലുകളിൽ കൃത്യമായി തീയതിയും സമയവും രേഖപ്പെടുത്തണം. ജീവനക്കാർക്ക് നിർബന്ധമായും ഹെൽത്ത് കാർഡ് ഉണ്ടായിരിക്കണം. ഭക്ഷ്യ സ്ഥാപനങ്ങൾ, മത്സ്യ മാംസ ശാലകൾ, മാർക്കറ്റുകൾ, ചെക്ക് പോസ്റ്റ് എന്നിവിടങ്ങളുൾപ്പെടെ മുന്നറിയിപ്പില്ലാതെ പരിശോധന നടത്തും. വയോജന കേന്ദ്രങ്ങൾ, ശിശുസംരക്ഷണ കേന്ദ്രങ്ങൾ, ഹോമുകൾ എന്നിവിടങ്ങളിലും പരിശോധനകൾ നടത്തും. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം എല്ലാ ഭക്ഷ്യ സംരംഭകർക്കും മാനദണ്ഡങ്ങൾക്കനുസരിച്ച് ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനോ ലൈസൻസോ ഉണ്ടായിരിക്കേണ്ടതാണ്. രജിസ്ട്രേഷനോ ലൈസൻസോ ഇല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ചൂടുകാലത്ത് വിറ്റഴിക്കുന്ന ശീതള പാനീയങ്ങളുടേയും കുപ്പിവെള്ളത്തിന്റേയും സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന വ്യാപകമായി പരിശോധനകൾ നടത്തും. ഐസ്ക്രീം നിർമ്മാണ വിപണന കേന്ദ്രങ്ങൾ, കുപ്പിവെള്ള നിർമ്മാണ വിതരണ വിപണന കേന്ദ്രങ്ങൾ, ശീതളപാനീയ നിർമ്മാണ വിതരണ വിപണന കേന്ദ്രങ്ങൾ, ടൂറിസ്റ്റ് മേഖലകളിലെ വിൽപ്പന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും പരിശോധന നടത്തും. ശീതള പാനീയങ്ങൾ വിപണനം നടത്തുന്ന കടയുടമകൾ പാനീയങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന വെള്ളവും ഐസും ശുദ്ധമാണെന്ന് ഉറപ്പാക്കണം. ഹോട്ടലുകളിലെ കുടിവെള്ളം, ചട്നിയിലും മോരിലും ചേർക്കുന്ന വെള്ളം എന്നിവയും ശുദ്ധമുള്ളതായിരിക്കണം.

കുടിവെള്ളം, മറ്റ് ശീതള പാനീയങ്ങൾ എന്നിവ നിറച്ച പ്ലാസ്റ്റിക് കുപ്പികൾ വെയിലേൽക്കുന്ന രീതിയിൽ കടകളിൽ സൂക്ഷിക്കുകയോ അടച്ചുറപ്പില്ലാത്ത തുറന്ന വാഹനങ്ങളിൽ കൊണ്ട് പോകുകയോ ചെയ്യരുത്. ഉത്സവങ്ങൾ, മേളകൾ നടക്കുന്ന സ്ഥലങ്ങളിൽ വിപണനം നടത്തുന്ന ശീതള പാനീയങ്ങൾ, കുപ്പിവെള്ളം, ഐസ് കാൻഡി, ഐസ്ക്രീം എന്നിവ സുരക്ഷിതമായി തന്നെ വിൽപന നടത്തണം.

ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഏകോപനത്തിൽ അതത് ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ പരിശോധനകൾക്ക് നേതൃത്വം നൽകും. സ്റ്റേറ്റ് ടാസ്ക് ഫോഴ്സ് ടീമും പരിശോധനകളിൽ പങ്കാളികളാകും. മൊബൈൽ പരിശോധനാ ലാബുകളുടെ സേവനവും ഉപയോഗപ്പെടുത്തും.

# മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ ഫ്ളാഗ് ഓഫ് ഇന്ന്

**തിരുവനന്തപുരം:** മൃഗസംരക്ഷണ വകുപ്പിന്റെ മൊബൈൽ വെറ്ററിനറി, സർജറി യൂണിറ്റുകൾ മുഖ്യമന്ത്രി പിണറായി വിജയൻ ഏപ്രിൽ 30 ന് രാവിലെ 11 ന് ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ ഫ്ളാഗ് ഓഫ് ചെയ്യും. കർഷകർക്ക് വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി സെക്രട്ടേറിയറ്റ് പി ആർ ചേമ്പറിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

2023 ജനുവരിയിൽ 29 ബ്ലോക്കുകളിൽ ആരംഭിച്ച പദ്ധതിയുടെ തുടർച്ചയായിട്ടാണ് റീബിൽഡ് കേരളാ പദ്ധതിയിൽ ഉൾപ്പെടുത്തി ബാക്കിയുള്ള ബ്ലോക്കുകളിൽ കൂടി മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സജ്ജീകരിക്കുന്നത്. 3.11 കോടി രൂപ വിലവരുന്ന 59 മൊബൈൽ യൂണിറ്റുകളാണ് 30 ന് പ്രവർത്തനം ആരംഭിക്കുന്നത്. 24 മണിക്കൂറും സജീവമായ 1962 എന്ന ടോൾ ഫ്രീ നമ്പറിലുള്ള കേന്ദ്രീകൃത കാൾ സെന്റർ സംവിധാനത്തിലൂടെയാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം കർഷകരുടെ വീട്ടുപടിയ്ക്കൽ സാധ്യമാകുന്നത്. പ്രത്യേക പരിശീലനം നേടിയ വെറ്ററിനറി ഡോക്ടർമാരും ഡ്രൈവർ കം അറ്റൻഡർമാരും മൊബൈൽ യൂണിറ്റുകളിൽ ഉണ്ടാവും. മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ പ്രവർത്തന സമയം വൈകിട്ട് 6 മണി മുതൽ രാവിലെ 5 മണി വരെയും മൊബൈൽ സർജറി യൂണിറ്റുകളുടേത് രാവിലെ 10 മുതൽ വൈകിട്ട് 5 വരെയുമാണ് ക്രമീകരിച്ചിട്ടുള്ളത്. രാജ്യത്തിന് മാതൃകയാവുന്ന നിലയിൽ കേരളത്തിലെ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളെയും പദ്ധതിയുടെ പരിധിയിൽ വരുത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു.



# കേരള ടു നേപ്പാൾ; ഇലക്ട്രിക് കാറിൽ യാത്ര ആരംഭിച്ച് മലയാളി സംഘം

**കൊച്ചി:** പരിസ്ഥിതി സംരക്ഷണത്തിനായി ഗ്രീൻ എനർജി ഉപയോഗം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കൊച്ചിയിൽ നിന്നും കാഠ്മണ്ഡുവിലേക്ക് ഇലക്ട്രിക് കാറിൽ യാത്ര ആരംഭിച്ച് മലയാളി സംഘം. ഇതാദ്യമായാണ് കേരളത്തിൽ നിന്ന് ഇവി വാഹനത്തിൽ രണ്ടായിരത്തോളം കിലോമീറ്റർ താണ്ടി കാഠ്മണ്ഡുവിലേക്ക് യാത്ര സംഘടിപ്പിക്കുന്നത്. യൂട്യൂബറും ട്രാവലറുമായ യാസിൻ മുഹമ്മദ്,കേരളത്തിലെ മുൻനിര ഇ.വി ഫാസ്റ്റ് ചാർജ്ജിങ് സ്റ്റേഷൻ സ്റ്റാർട്ടപ്പായ ഗോ ഇ.സി നേപ്പാൾ ഡയറക്ടർ ഉണ്ണികൃഷ്ണൻ, ഗോ ഇ.സി ചീഫ് ടെക്നിക്കൽ ഓഫീസർ യദു കൃഷ്ണൻ എന്നിവരാണ് സംഘാംഗം. കൊച്ചിയിൽ നിന്നും യാത്ര ആരംഭിച്ച ഇവർ ബാംഗ്ലൂർ, ഹൈദരബാദ്,നാഗ്പൂർ,ജംബൽപൂർ, പ്രയാഗ്രാജ്, വാരണാസി, പട്ന വഴി കാഠ്മണ്ഡുവിൽ പ്രവേശിക്കും. പ്രമുഖ ഇവി വാഹന നിർമ്മാതാക്കളായ ടാറ്റാ ഡോട്ട് ഇവിയുമായി ചേർന്നുകൊണ്ട് ഗോ ഇ.സിയാണ് യാത്ര സംഘടിപ്പിക്കുന്നത്. കൊച്ചി ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പിന്റെ പ്രവർത്തനം നേപ്പാളിലേക്ക് വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് ബോധവത്കരണ യാത്ര സംഘടിപ്പിച്ചത്.

പത്ത് ദിവസം നീണ്ടു നിൽക്കുന്ന യാത്ര മെയ് എട്ടിന് സമാപിക്കും. കൊച്ചിയിൽ നിന്നും യാത്ര തുടങ്ങിയ സംഘത്തിന് തൃശൂരിൽ സ്വീകരണം നൽകി. ആദ്യ ദിന യാത്ര പാലക്കാട് വിൻഡ് മില്ലിലാണ് സമാപിച്ചത്. കേരളത്തിൽ നിന്നും രണ്ടായിരത്തിലധികം കിലോമീറ്റർ താണ്ടുന്ന ഇവർ യാത്രയിലുടനീളം പ്രമുഖ സർവകലാശാലകൾ, സോളാർ എനർജി പാടങ്ങൾ എന്നിവ സന്ദർശിക്കും. കൂടാതെ, വിവിധയിടങ്ങളിൽ സുസ്ഥിരത, ഇമൊബിലിറ്റി, പ്രകൃതി സംരക്ഷണം എന്നിവയെ സംബന്ധിച്ചുള്ള നിരവധി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും.

ദീർഘദൂര യാത്രയ്ക്ക് ഇവി വാഹനം ഗുണകരമാണെന്ന സന്ദേശം വാഹനപ്രേമികളിലേക്ക് എത്തിക്കുക, ഇവി വാഹന ഉപയോഗം പ്രോത്സാഹിപ്പിച്ചുകൊണ്ട് പ്രകൃതി സൗഹൃദ യാത്ര ശക്തിപ്പെടുത്തുക എന്നിവയാണ് യാത്രയുടെ ലക്ഷ്യമെന്ന് ഗോഇസി സിഇഒ പിജി രാംനാഥ് പറഞ്ഞു. കൊച്ചിയിലെ ടാറ്റ ഡോട്ട് ഇവിയുടെ ഷോറൂമിൽ നടന്ന ചടങ്ങിൽ വ്ളോഗർ വിവേക് വേണുഗോപാൽ ഫ്ളാഗ് ഓഫ് ചെയ്തു.

ഗോഇസിയുടെ സിഇഒയും സഹസ്ഥാപകനുമായ പിജി രാംനാഥ്, ഗോ ഇസി സഹസ്ഥാപകൻ എ.പി ജാഫർ, ജനറൽ മാനേജർ ജോയൽ യോഹന്നാൻ, മാർക്കറ്റിങ് മാനേജർ നവനീത് ജോസ്, ടാറ്റ മോട്ടോഴ്സ് സീനിയർ മാനേജർമാരായ ശ്രീറാം രാജീവ്, നിതിൻ മുഹമ്മദ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ആറാംഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് മേയ് 2 മുതൽ

**തിരുവനന്തപുരം:** സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രകാരം ആറാംഘട്ട കുളമ്പുരോഗ വാക്സിനേഷൻ മേയ് രണ്ടു മുതൽ 23 വരെ നടക്കും 18 പ്രവൃത്തി ദിവസങ്ങളിലായി നടക്കുന്ന പരിപാടിയിൽ മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർ ഭവന സന്ദർശനം നടത്തി ഉരുക്കൾക്ക് സൗജന്യമായി വാക്സിനേഷൻ നൽകും. നാല് മാസത്തിൽ താഴെ പ്രായമുള്ള കിടാക്കളെയും അവസാന ത്രൈമാസ ഗർഭാവസ്ഥയിലുള്ളവരെയും രോഗം ബാധിച്ചവരെയും ഒഴികെ പശു, എരുമ എന്നിവയെയാണ് കുളമ്പുരോഗ വാക്സിനേഷന് വിധേയമാക്കുന്നത്.

കേരള മൃഗരോഗ നിയന്ത്രണ നിയമ പ്രകാരം പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കാതിരിക്കുന്നത് ശിക്ഷാർഹമാണ്. വൈറസ് രോഗം ആയതിനാൽ രോഗം വന്നാൽ ചികിത്സ ഇല്ലാത്തതിനാൽ പ്രതിരോധ കുത്തിവെയ്പ്പ് നിർബന്ധമായും എടുക്കണം. ഈ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം മേയ് രണ്ടിന് രാവിലെ 10.30ന് ചമ്പക്കുളം പഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ. എസ്. ശിവപ്രസാദ് നിർവ്വഹിക്കും.

സൊസൈറ്റി ടുഡേ SOCIETY TODAY

# സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വവും ഫിറ്റ്നസ് സർട്ടിഫിക്കറ്റും മേയ് 15ന് മുമ്പ് ഉറപ്പാക്കണം: മന്ത്രി പി പ്രസാദ്

**ആലപ്പുഴ:** ജില്ലയിലെ സ്കൂൾ കെട്ടിടങ്ങൾ സുരക്ഷിതമാണെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെന്നും മേയ് 15 ന് മുമ്പ് പരിശോധിച്ചു ഉറപ്പാക്കണമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ്വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകി.

മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കൂടിയ യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കേണ്ടി വരുന്ന സ്കൂളുകളിൽ ശൗചാലയം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു.

സ്കൂളുകളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുമെന്നും വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു.

തഹസിൽദാർമാർ ദുരിതാശ്വാസ ക്യാമ്പുകളുടെ മുന്നൊരുക്കങ്ങൾ നേരിട്ട് വിലയിരുത്തണം. തീരദേശ പഞ്ചായത്തുകളിൽ കടൽക്ഷോഭം രൂക്ഷമാകുന്ന സാഹചര്യത്തിൽ വീടുകളിൽ വെള്ളം കയറുന്നത് ഒഴിവാക്കാനായി ജിയോ ബാഗുകൾ, മണൽ ചാക്കുകൾ പോലെയുള്ള താൽക്കാലിക സംവിധാനം ഒരുക്കുന്നതിന് ജലസേചന വകുപ്പുമായി തദ്ദേശ സ്വയം ഭരണ വകുപ്പ് ചേർന്ന് പ്രവർത്തിക്കണം എന്നും അദ്ദേഹം പറഞ്ഞു.

ജില്ലക്ക് ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ടെന്നും സ്കൂളുകളിൽ ശൗചാലയങ്ങളിൽ സോപ്പ് ഉപയോഗിച്ച് കൈകഴുകാനുള്ള സൗകര്യങ്ങൾ ഒരുക്കണമെന്നും ദുരിതാശ്വാസ ക്യാമ്പുകളിൽ തിളപ്പിച്ചാറ്റിയ വെള്ളം വൃത്തിയായ സാഹചര്യത്തിൽ നൽകാനുള്ള സംവിധാനങ്ങൾ ഉറപ്പാക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ പറഞ്ഞു. സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കാൻ ജനങ്ങളുടെ ഇടയിൽ സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരണം നടത്തമെന്ന് മന്ത്രി നിർദ്ദേശിച്ചു.

അപകടകരമായ രീതിയിൽ നിൽക്കുന്ന വൃക്ഷങ്ങളും ചില്ലകളും നീക്കം ചെയ്യുന്ന പ്രവർത്തികൾ അന്തിമ ഘട്ടത്തിലായെന്നും വൈദ്യുത ലൈനുകൾ, പോസ്റ്റുകൾ മുതലായവ സുരക്ഷിതമായാണ് നിലകൊള്ളുന്നതെന്ന് ഉറപ്പാക്കിയിട്ടുണ്ടെന്നും കെ എസ് ഇ ബി ഉദ്യോഗസ്ഥർ അറിയിച്ചു.

എല്ലാ ആഴ്ചയിലും ആറ് വകുപ്പുകൾ ചേർന്ന് ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള ജലയാനങ്ങളിൽ പരിശോധന നടത്തുന്നുണ്ടെന്നും നിയമലംഘനങ്ങൾ നടത്തുന്ന ജലയാനങ്ങൾക്ക് പിഴ ഇടാക്കുന്നുണ്ടെന്നും ടൂറിസം വകുപ്പ് യോഗത്തിൽ അറിയിച്ചു. ബീച്ചുകളിൽ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കണമെന്ന് മന്ത്രി വകുപ്പിന് നിർദ്ദേശം നൽകി.

പാടശേഖരങ്ങളുടെ പുറംബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ പാടശേഖര സമതിക്ക് നൽകിയിട്ടുണ്ടെന്നും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ടെന്നും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

100 ബയോ ടോയ്‌ലറ്റുകൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ശുചിത്വ മിഷൻ അറിയിച്ചു.

ജില്ലയിലെ കടലിലെ രക്ഷാ പ്രവർത്തനങ്ങൾക്കായി ഓരോ ബോട്ടുകൾ വീതം കായംകുളം , തോപ്പുംപടി ഹാർബറുകളിൽ സജ്ജമാക്കുമെന്നും ഒരു എഫ് ആർ പി വള്ളം പെട്രോളിങിനായി തോട്ടപ്പള്ളിയിലുണ്ടെന്നും കൺട്രോൾ റൂം തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

തോട്ടപ്പള്ളി പൊഴിമുഖത്ത് അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണ് നീക്കം ചെയ്യുന്നതിനും ഓരു മുട്ടുകൾ യഥാസമയം തുറക്കുന്നതിനും കടൽഭിത്തി നിർമ്മാണം ദ്രുതഗതിയിലാക്കുന്നതിനും മന്ത്രി നിർദ്ദേശം നൽകി. ജില്ലയിലെ ആറുകൾക്കും തോടുകൾക്കും കുറുകെയുള്ള പാലങ്ങൾക്കിടയിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങൾ അടിയന്തരമായി നീക്കം ചെയ്യണമെന്നും മന്ത്രി പറഞ്ഞു. എല്ലാ വകുപ്പുകളുടെയും മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും മന്ത്രി കർശന നിർദ്ദേശം നൽകി.

എംഎൽഎമാരായ പി പി ചിത്തരഞ്ജൻ,എച്ച് സലാം ജില്ലാ കളക്ടർ അലക്സ് വർഗീസ്, നഗരസഭാ ചെയർപേഴ്സൺ കെ കെ ജയമ്മ എന്നിവർ നേരിട്ടും എം എൽ എ മാരായ തോമസ് കെ തോമസ്, എം എസ് അരുൺകുമാർ, ദലീമ എന്നിവർ ഓൺലൈനായും , സബ് കളക്ടർ സമീർ കിഷൻ, ദുരന്ത നിവാരണ ഡപ്യൂട്ടി കളക്ടർ സി പ്രേംജി, മറ്റ് ജനപ്രതിനിധികൾ , ജില്ല തല ഉദ്യോഗസ്ഥർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.



# നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം ജില്ലാതല പ്രശ്നോത്തരി

**പത്തനംതിട്ട:** ഹരിതകേരളവും വിദ്യാകിരണം മിഷനും സംഘടിപ്പിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവ പ്രശ്നോത്തരിയും വന്യജീവി ഫോട്ടോ പ്രദർശനവും കോഴഞ്ചേരി സർക്കാർ ഹൈസ്കൂളിൽ നടന്നു. ഒന്നാം സ്ഥാനം പി നിരഞ്ജന, എട്ടാം ക്ലാസ്, (യുപിഎസ് തെങ്ങമം). രണ്ടാം സ്ഥാനം ജി ചിന്മയ , എട്ടാം ക്ലാസ്, (എൻ എസ് എസ് എച്ച് എസ് എസ് ചുരക്കോട് ) മൂന്നാം സ്ഥാനം ചിന്മയ കർണിക, ഒമ്പതാം ക്ലാസ്,( എൻഎസ്എസ് എച്ച്എസ്എസ് തട്ടയിൽ ) നാലാം സ്ഥാനം ക്രിസ്റ്റി ജോൺ വർഗീസ് ഒമ്പതാം ക്ലാസ്(എംജിഎം എച്ച്എസ് എസ് തിരുവല്ല). വിജയികൾക്ക് ജില്ലാ കലക്ടർ എസ് പ്രേംകൃഷ്ണൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ബി ആർ അനില അധ്യക്ഷയായി.

ഹരിതകേരളം മിഷൻ ജില്ല കോഡിനേറ്റർ ജി അനിൽകുമാർ , പത്തനംതിട്ട ബേഡേഴ്സ് പ്രസിഡന്റ് ജിജി സാം, വിദ്യാകിരണം ജില്ലാ കോഡിനേറ്റർ പ്രകാശ് എ കെ, ബയോ ഡൈവേഴ്സിറ്റി ജില്ലാ കോഡിനേറ്റർ അരുൺ സി രാജൻ, ക്ലീൻ കേരള കമ്പനി ജില്ലാ മാനേജർ എം.ബി ദിലീപ് കുമാർ എന്നിവർ പങ്കെടുത്തു.

പഠനോത്സവത്തോട് അനുബന്ധിച്ച് പത്തനംതിട്ട ബേഡേഴ്സിന്റെ നേതൃത്വത്തിൽ വന്യജീവി ഫോട്ടോ പ്രദർശനം നടന്നു. പ്രശ്നോത്തരിയിൽ വിജയിച്ച കുട്ടികൾക്ക് ഹരിതകേരളം മിഷന്റെ അടിമാലി ജൈവ വൈവിധ്യ പഠന കേന്ദ്രത്തിലും മൂന്നാറിലും സംസ്ഥാനതല പഠനോത്സവം മെയ് 16,17,18 തീയതികളിൽ സംഘടിപ്പിക്കും.

# മിഴിവ് 2025 ഓൺലൈൻ വീഡിയോ മത്സരം: എൻട്രികൾ മെയ് 7 വരെ

**തിരുവനന്തപുരം:** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന 'മിഴിവ് 2025' ഓൺലൈൻ വീഡിയോ മത്സരത്തിലേക്ക് എൻട്രികൾ അയക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ചു. മെയ് ഏഴാണ് അവസാനതീയതി. 'ഒന്നാമതാണ് കേരളം' എന്നതാണ് മത്സര വിഷയം. സർക്കാരിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, മികവുറ്റ പദ്ധതികൾ, വിജയഗാഥകൾ, ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പുകൾ എന്നിങ്ങനെ വിവിധ വിഷയങ്ങൾ ആധാരമാക്കിയാണ് വീഡിയോ നിർമിക്കേണ്ടത്.

ഒന്നര ലക്ഷം രൂപയും ഫലകവും സർട്ടിഫിക്കറ്റുമാണ് ഒന്നാം സ്ഥാനം. രണ്ടും മൂന്നും സ്ഥാനം നേടുന്ന വീഡിയോകൾക്ക് യഥാക്രമം ഒരു ലക്ഷം , 50,000 എന്നിങ്ങനെ ക്യാഷ് അവാർഡും ഫലകവും സർട്ടിഫിക്കറ്റും ലഭിക്കും. വീഡിയോകളുടെ പരമാവധി ദൈർഘ്യം രണ്ടു മിനിട്ടാണ് . വീഡിയോകൾ ാശവഴ.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യാം. മത്സരത്തിൽ പങ്കെടുക്കാൻ പ്രായപരിധിയില്ല.

മൊബൈൽ ക്യാമറ ഉപയോഗിച്ച് ചിത്രീകരിക്കുന്ന എൻട്രികളും മത്സരത്തിനായി പരിഗണിക്കും. ഫിക്ഷൻ / ഡോക്യുഫിക്ഷൻ / അനിമേഷൻ, മ്യൂസിക് വീഡിയോ, മൂവിംഗ് പോസ്റ്റേഴ്സ് തുടങ്ങിയ രീതികളിൽ നിർമ്മിച്ച വീഡിയോകളാണ് മത്സരത്തിനായി പരിഗണിക്കുക. അണിയറ പ്രവർത്തകരുടെ പേര് ചേർത്തുള്ള വീഡിയോകൾ എച്ച് ഡി ഫോർമാറ്റിൽ സമർപ്പിക്കണം.

വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന ലോഗിൻ ഐഡിയും പാസ്‌വേർഡും ഉപയോഗിച്ച് വേണം വീഡിയോകൾ അപ്ലോഡ് ചെയ്യേണ്ടത്. ഒരാൾക്ക് ഒരു വീഡിയോ മാത്രമേ മത്സരത്തിനായി നൽകാനാവു.

# കൺസ്യൂമർഫെഡ് സ്റ്റുഡന്റ്സ് മാർക്കറ്റ് ജൂൺ 15 വരെ

**പത്തനംതിട്ട:**കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ജില്ലാ കലക്ടറേറ്റിൽ ആരംഭിച്ച സ്റ്റുഡന്റ്സ് മാർക്കറ്റിന്റെ ഉദ്ഘാടനം ജില്ലാ കലക്ടർ എസ് പ്രേം കൃഷ്ണൻ നിർവഹിച്ചു. കൺസ്യൂമർഫെഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ജി അജയകുമാർ അധ്യക്ഷനായി. എഡിഎം ബി ജ്യോതി ആദ്യവിൽപ്പന നടത്തി. ജൂൺ 15 വരെ രാവിലെ 10 മുതൽ വൈകിട്ട് 5.30 വരെയാണ് പ്രവർത്തനം.

കുട്ടികൾക്കായി പഠനസാമഗ്രികൾ, പ്രമുഖ കമ്പനികളുടെ ബാഗുകൾ, കുടകൾ, ടിഫിൻ ബോക്സ്, വാട്ടർ ബോട്ടിൽ, റെയിൻ കോട്ട്, പെൻസിൽ ബോക്സ്, പേന ഉൾപ്പടെയുള്ള പഠനോപകരണങ്ങളും കൺസ്യൂമർഫെഡ് നിർമിച്ച് വിപണിയിലെത്തിക്കുന്ന ത്രിവേണി നോട്ട്ബുക്കുകളും ലഭ്യമാണ്. ജില്ലയിലെ 12 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, നീതി സ്റ്റോറുകൾ, സ്കൂൾ സൊസൈറ്റികൾ എന്നിവയിലൂടെ കൺസ്യൂമർഫെഡിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കും. റീജിയണൽ മാനേജർ റ്റി ഡി ജയശ്രീ, അസിസ്റ്റന്റ് റീജിയണൽ മാനേജർ റ്റി എസ് അഭിലാഷ്, കലക്ടറേറ്റ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## ദേശീയ വനിതാ കമ്മീഷന്റെ പൊതു തെളിവെടുപ്പിൽ 31 പരാതികൾക്ക് പരിഹാരം

**കൊച്ചി:** സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനു ദേശീയ വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളത്ത് പൊതു തെളിവെടുപ്പ് സംഘടിപ്പിച്ചു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന തെളിവെടുപ്പിൽ കമ്മീഷൻ ചെയർപേഴ്സൺ വിജയ രഹത്കർ അധ്യക്ഷത വഹിച്ചു.

2022, 2023, 2024 വർഷങ്ങളിൽ രാഷ്ട്രീയ മഹിളാ ആയോഗ് സംരംഭത്തിന് കീഴിൽ കമ്മീഷന് ലഭിച്ച എറണാകുളം, ആലപ്പുഴ, തൃശൂർ, കോട്ടയം ജില്ലകളിൽ നിന്നുള്ള 36 പരാതികളാണ് ഹിയറിങ്ങിൽ പരിഗണിച്ചത്. 31 പരാതികൾ പരിഹരിച്ചു. അഞ്ച് പരാതികളിൽ നടപടികൾ പുരോഗമിക്കുന്നു.

ഓരോ പരാതിയും കമ്മീഷന്റെ നേതൃത്വത്തിൽ വിശദമായി പരിശോധിച്ചു. പരിഹാരത്തിനും തുടർനടപടികൾക്കുമായി ഉചിതമായ നിർദ്ദേശങ്ങൾ നൽകി.ഭരണ, നിയമ നിർവ്വഹണ ഏജൻസികളിൽ നിന്നുള്ള ഏകോപിത നടപടി ഉറപ്പാക്കി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ്, കൊച്ചി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ, കൊച്ചി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ ആൻഡ് ക്രൈംസ്) ബിജി ജോർജ് എന്നിവരുടെ സാന്നിധ്യത്തിലാണ് നടപടികൾ നടന്നത്.സ്ത്രീ സുരക്ഷയ്ക്കും നീതി നടപ്പാക്കലിനും നിലവിലുള്ള സംവിധാനങ്ങളുടെ പ്രതികരണശേഷിയും ഫലപ്രാപ്തിയും വിലയിരുത്തുന്നതിനായി അവർ മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുമായി ചെയർപേഴ്സൺ ചർച്ച നടത്തി.

# അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** അസാപ് കേരളയുടെ കഴക്കൂട്ടത്തുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഈ കോഴ്സിന് ഇന്ത്യയിലും വിദേശത്തും നിരവധി തൊഴിലവസരങ്ങളാണുള്ളത്. മെയ് 15 ന് വൈകുന്നേരം 5 ന് മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. യോഗ്യത, ഫീസ് തുടങ്ങിയ കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതും https://csp.asapkerala.gov.in/courses/general-fitnesst-rainer സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്കായി 9495999693 ൽ ബന്ധപ്പെടുകയോ കഴക്കൂട്ടത്തുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ നേരിട്ടെത്തുകയോ ചെയ്യാവുന്നതാണ്.




# ക്യൂൻസ് ഗേറ്റ്‌വേ ബൈ വർമ്മ: ശിലാസ്ഥാപനം നടന്നു

**കൊച്ചി:** കേരളത്തിലെ പ്രമുഖ ബിൽഡറായ വർമ്മ ഹോംസിന്റെ 25ാമത് പ്രൊജക്ട് ക്യൂൻസ് ഗേറ്റ്‌വേ ബൈ വർമ്മയുടെ ശിലാസ്ഥാപനം ഇടപ്പള്ളിക്ക് സമീപം ചേരാനെല്ലൂർ ജംഗ്ഷനിലെ പ്രൊജക്ട് സൈറ്റിൽ നടന്നു. വർമ്മ ഹോംസ് വൈസ് പ്രസിഡന്റ് ആരതി വർമ്മ ശിലാസ്ഥാപനം നിർവ്വഹിച്ചു . വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ, വൈസ് പ്രസിഡന്റ് വൈശാഖ് വർമ്മ, സെയിൽസ് ജി എം സുനിൽ ദാസ്, മാർക്കറ്റിംഗ് ആന്റ് കസ്റ്റമർ കെയർ ജി എം സുരേഷ് ടി എസ്, കസ്റ്റമർ കെയർ മാനേജർ ലക്ഷ്മി ജെ, ഫിനാൻസ് ആന്റ് എച്ച് ആർ സീനിയർ മാനേജർ ജിതേഷ് കെ എസ്, പർച്ചേസ് സീനിയർ മാനേജർ രേഖ പ്രമോദ്, പബ്ലിക്ക് റിലേഷൻസ് മാനേജർ ശ്യാം കുമാർ പി എസ്, ജോയിന്റ് വെഞ്ച്വർ പാർട്ണർമാർ എന്നിവർക്ക് പുറമേ ക്ഷണിക്കപ്പെട്ട അതിഥികളും ചടങ്ങിൽ പങ്കെടുത്തു.

# എച്ച് ആർ എം ടൂൾ പുറത്തിറക്കി സാംസങ്



**മുംബൈ:** നൂതന ഹോം അപ്ലയൻസസ് റിമോട്ട് മാനേജ്‌മെന്റ് (എച്ച് ആർ എം) ടൂൾ പുറത്തിറക്കി ഇന്ത്യയിലെ ഏറ്റവും വലിയ ഉപഭോക്തൃ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്.എഐയിൽ പ്രവർത്തിക്കുന്ന റിമോട്ട് ഡയഗ്നോസ്റ്റിക്സിന്റെയും ട്രബിൾഷൂട്ടിംഗിന്റെയും ശക്തി ഉപയോഗപ്പെടുത്തിക്കൊണ്ട് സാംസങ് ടെക്നീഷ്യൻമാർക്ക് ഇപ്പോൾ വീടുകൾ സന്ദർശിക്കാതെ തന്നെ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കാൻ കഴിയും. ഈ നൂതന സാങ്കേതികവിദ്യ വേഗത്തിലുള്ള പരിഹാരങ്ങൾ നൽകി ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുകയും ഈ വ്യവസായത്തിൽ ഒരു പുതിയ മാനദണ്ഡം സ്ഥാപിക്കുകയും, ചെയ്യുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# പുതിയ ഓഫറുകൾ അവതരിപ്പിച്ച് സ്വിഗ്ഗി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഓൺഡിമാൻഡ് കൺവീനിയൻസ് പ്ലാറ്റ്‌ഫോമായ സ്വിഗ്ഗി സിക്സസ്, ക്രിക്കറ്റ് സീസണിന്റെ ആവേശം വർദ്ധിപ്പിക്കുന്നതിനും നിങ്ങളുടെ പ്രിയപ്പെട്ട റെസ്റ്റോറന്റുകളിൽ ഉയർന്ന ഓഫറുകൾ അൺലോക്ക് ചെയ്യുന്നതിനുമായ മാച്ച്‌ലിങ്ക്ഡ് ഓഫർ സ്വിഗ്ഗി സിക്സസ് അവതരിപ്പിച്ചു. ഓരോ ഉയർന്ന സിക്സിനെയും ആരാധകർക്ക് അവിശ്വസനീയമായ ഭക്ഷണ ഡീലുകളുമായി ആഘോഷിക്കാനുള്ള അവസരമാണിതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# അറ്റാദായത്തിൽ 26 ശതമാനം വർധനവുമായി സിഎസ്ബി ബാങ്ക്

**കൊച്ചി:** സിഎസ്ബി ബാങ്ക് കഴിഞ്ഞ ത്രൈമാസത്തിൽ 190 കോടി രൂപ അറ്റാദായം കൈവരിച്ചു. മൂന്നാം ത്രൈമാസത്തിലെ 152 കോടി രൂപയെ അപേക്ഷിച്ച് 26 ശതമാനം വർധനവാണിത്. 2024 സാമ്പത്തിക വർഷത്തിന്റെ അവസാന ത്രൈമാസത്തെ അപേക്ഷിച്ചും 26 ശതമാനം വർധനവാണിത്. 2024 സാമ്പത്തിക വർഷത്തിലെ 567 കോടി രൂപയുടെ അറ്റാദായത്തെ അപേക്ഷിച്ച് 5 ശതമാനം വർധനവോടെ 594 കോടി രൂപയുടെ അറ്റാദായമാണ് 2025 സാമ്പത്തിക വർഷത്തിൽ ബാങ്ക് കൈവരിച്ചിട്ടുള്ളത്. പ്രവർത്തന ലാഭത്തിൻെറ കാര്യത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2025 സാമ്പത്തിക വർഷത്തിൽ 17 ശതമാനം വർധനവും കൈവരിച്ചിട്ടുണ്ട്.

ബാങ്കിൻെറ ആകെ നിക്ഷേപങ്ങൾ 2025 മാർച്ച് 31ലെ കണക്കുകൾ പ്രകാരം 24 ശതമാനം വർധനവോടെ 36,861 കോടി രൂപയിലും വായ്പകൾ 29 ശതമാനം വർധനവോടെ 31,507 കോടി രൂപയിലും എത്തിയതായും പ്രവർത്തന ഫലങ്ങൾ ചൂണ്ടിക്കാട്ടുന്നു.

# മുത്തൂറ്റ് ഫിൻകോർപ്പ് 350 കോടി രൂപ സമാഹരിക്കും

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ പതാക വാഹക കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പ് (നീല മുത്തൂറ്റ്) എൻസിഡി (സുരക്ഷിതമായി പിൻവലിച്ചു പണമാക്കി മാറ്റാവുന്ന നോൺ കൺവർട്ടബിൾ ഡിബഞ്ചറുകളുടെ) സിരീസുകളുടെ ആയിരം രൂപ മുഖവിലയുള്ള എൻസിഡികൾ 2025 മെയ് 13 വരെ വിതരണം ചെയ്യുമെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് സിഇഒ ഷാജി വർഗീസ് പറഞ്ഞു.വായ്പകൾ, സാമ്പത്തിക പ്രവർത്തനങ്ങൾ, നിലിവിലുള്ള കടങ്ങളുടെ പലിശയും മുതലും തിരിച്ചടക്കൽ, പൊതുവായ കോർപറേറ്റ് ആവശ്യങ്ങൾ നിറവേറ്റൽ തുടങ്ങിയവയ്ക്കാവും ഇതിലൂടെ സമാഹരിക്കുന്ന പണം ഉപയോഗിക്കുക. അനുവദനീയമായ ഷെൽഫ് പരിധിയായ രണ്ടായിരം കോടി രൂപയ്ക്കുള്ളിൽ നിറുത്തി 350 കോടി രൂപ സമാഹരിക്കാനാണ് മുത്തൂറ്റ് ഫിൻകോർപ്പ് ഉദ്ദേശിക്കുന്നത്.അഞ്ചാമത് സീരീസിൽ നൂറു കോടി രൂപയുടെ അടിസ്ഥാന ഇഷ്യുവും 250 കോടി രൂപയുടെ ഗ്രീൻ ഷൂ ഓപ്ഷനും അടക്കമാണ് 350 കോടി രൂപ സമാഹരിക്കുന്നത്. 24, 36, 60, 72 മാസ കാലാവധികളുമായുള്ള എൻസിഡികൾക്ക് 9 മുതൽ 10 ശതമാനം വരെയുള്ള ഫലപ്രദമായ വാർഷിക ലാഭമാകും ഉണ്ടാകുക. എൻസിഡികളുടെ വിതരണം മെയ് 13 വരെയാണെങ്കിലും വ്യവസ്ഥകൾക്കും അനുമതികൾക്കും അനുസൃതമായി നേരത്തെ അവസാനിപ്പിക്കാവുന്നതുമാണ്. ക്രിസിൽ ഡബിൾ എ മൈനസ് സ്റ്റേബിൾ റേറ്റിങ്ങാണ് ഈ എൻസിഡികൾക്ക് ഉള്ളത്. സമയാസമയങ്ങളിൽ സാമ്പത്തിക ബാധ്യതകൾക്കുള്ള സേവനം നൽകുന്നതിൽ ഉയർന്ന നിലയിലുള്ള സുരക്ഷിതത്വമാണ് ഇതു സൂചിപ്പിക്കുന്നത്. എൻസിഡികൾ ബിഎസ്ഇയുടെ ഡെബ്റ്റ് വിഭാഗത്തിൽ ലിസ്റ്റ് ചെയ്യാനും ഉദ്ദേശിക്കുന്നുണ്ടെന്നും ഷാജി വർഗീസ് പറഞ്ഞു. 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ യുപിഐ വഴി നടത്താം. മുത്തൂറ്റ് ഫിൻകോർപ്പ് വൺ ആപ്പിലൂടെയും സ്റ്റോക്ക് എക്സ്ചേഞ്ച് പ്ലാറ്റ്ഫോമുകൾ, എസിസിഎസ്ബികൾ വഴിയും അനായാസം നിക്ഷേപങ്ങൾ നടത്താം. തങ്ങളുടെ വിപുലമായ 3700ലധികം ശാഖകളിലൂടെയും മുത്തൂറ്റ് ഫിൻകോർപ്പ് വൺ മൊബൈൽ ആപ്പ് വഴിയും പങ്കാളിത്ത ശൃംഖലകൾ വഴിയും നിക്ഷേപങ്ങൾ നടത്താം. നവീനവും എല്ലാവരുടേയും ആവശ്യമനുസരിച്ചുള്ള സാമ്പത്തിക സേവനങ്ങളും ലഭ്യമാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഇവിടെ പ്രതിഫലിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# ബ്രിട്ടാനിയ മാരി ഗോൾഡ് സ്റ്റാർട്ടപ്പ് ഷോ സീസൺ 2 ആരംഭിച്ചു

**കൊച്ചി:** രാജ്യത്തെ വനിതാ സംരംഭകരെ ശാക്തീകരിക്കുകയും അവർക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ബ്രിട്ടാനിയ മാരി ഗോൾഡ് സ്റ്റാർട്ടപ്പ് ഷോ സീസൺ 2 ആരംഭിച്ചു. ഗ്രൂപ്പ്എം മോഷൻ എന്റർടൈൻമെന്റ്, മൈൻഡ്ഷെയർ എന്നിവയുമായി സഹകരിച്ച് ആരംഭിച്ച സീസൺ 2 ഏപ്രിൽ 19 ന് ജിയോ ഹോട്ട്സ്റ്റാറിൽ പ്രദർശിപ്പിച്ചു. ഗ്രൂപ്പ്എം മോഷൻ കോണ്ടന്റ് വിഭാവനം ചെയ്ത ബ്രിട്ടാനിയ മാരി ഗോൾഡ് സ്റ്റാർട്ട്അപ്പ് ഷോയിൽ 10 ലക്ഷം രൂപയുടെ ഗോൾഡൻ ഗ്രാന്റിനായി 40 ഫൈനലിസ്റ്റുകൾ പങ്കെടുത്തു. ഹിന്ദി, ബംഗാളി, മറാത്തി, തമിഴ്, തെലുങ്ക്, കന്നഡ എന്നീ ആറ് ഭാഷകളിൽ സബ്ടൈറ്റിലുകളും ഓഡിയോ ഓപ്ഷനുകളും ജിയോഹോട്ട്സ്റ്റാറിൽ ലഭ്യമാണ്. എട്ട് എപ്പിസോഡുകളിയുള്ള ഷോ ജിയോഹോട്ട്സ്റ്റാറിൽ ഏപ്രിൽ 19 മുതൽ എല്ലാ വാരാന്ത്യത്തിലും പ്രക്ഷേപണം ചെയ്തു വരുന്നു.

2024 ജൂലൈയിൽ ആരംഭിച്ച ബ്രിട്ടാനിയ മാരി ഗോൾഡ് ഹെർ സ്റ്റാർട്ട്അപ്പ് മത്സരത്തിന്റെ ഫൈനലായാണ് ഈ ഷോ നടക്കുന്നത്. ഇതിൽ ഇന്ത്യയിലുടനീളമുള്ള ഒരു ലക്ഷത്തിലധികം വനിതാ സംരംഭകർ പങ്കെടുക്കുന്നു.

ഇവരിൽ നിന്ന് നൂറിലധികം സ്ത്രീകൾക്ക് പ്രൊഫഷണൽ പരിശീലനം നൽകി. ഇൻഡോർ, ഔറംഗബാദ്, കോയമ്പത്തൂർ, ജമ്മു കശ്മീർ തുടങ്ങിയ നഗരങ്ങളെ പ്രതിനിധീകരിച്ച് 40 മത്സരാർത്ഥികൾ ഭക്ഷണം, ഫാഷൻ, സുസ്ഥിരത, സാങ്കേതികവിദ്യ, കാർഷിക പരിഹാരങ്ങൾ എന്നിവയിലുടനീളം ആശയങ്ങൾ അവതരിപ്പിക്കുന്നു.

നടി ശ്രിയ ശരൺ ആതിഥേയത്വം വഹിക്കുന്ന ഷോയിൽ നടിയും സംരംഭകയുമായ നേഹ ധൂപിയ, മാസ്റ്റർ ഷെഫ് ജേതാവ് ഷിപ്ര ഖന്ന, കരകൗശല വിദഗ്ധ റൂമ ദേവി, ആരതി ഗുപ്ത (ജാഗരണ ഗ്രൂപ്പ്), റിയ ജോസഫ് (ബ്രിട്ടാനിയ) തുടങ്ങിയവരാണ് ജൂറി അംഗങ്ങൾ.

ഇന്ത്യയിലുടനീളമുള്ള ദശലക്ഷക്കണക്കിന് സ്ത്രീകളിലെ സംരംഭകത്വത്തെ ശാക്തീകരിക്കുന്നതിനുള്ള ബ്രിട്ടാനിയ മാരി ഗോൾഡിന്റെ യാത്ര അഞ്ച് വർഷം മുൻപാണ് ആരംഭിച്ചത്.

# ജൈവ ഉൽപ്പാദനം: ദേശീയ ഏകദിന ശിൽപശാല നടത്തി സ്പൈസസ് ബോർഡ്

**കൊച്ചി:** സ്പൈസസ് ബോർഡ്, അഗ്രിക്കൾച്ചറൽ ആന്റ് ഫുഡ് പ്രൊഡക്ട് എക്സ്പോർട് ഡെവലപ്മെന്റ് അതോറിറ്റിയുമായി സഹകരിച്ച് ജൈവ ഉൽപ്പാദനത്തിനുള്ള ദേശീയ പരിപാടിയെക്കുറിച്ച് ഏകദിന ശിൽപശാല സംഘടിപ്പിച്ചു. ജൈവ സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിന് എൻപിഒപി മാനദണ്ഡങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ശിൽപശാല സംഘടിപ്പിച്ചത്. സ്പൈസസ് ബോർഡ് സെക്രട്ടറി പി. ഹേമലത ശിൽപശാല ഉദ്ഘാടനം ചെയ്തു.

താങ്ങാവുന്ന ചെലവിൽ സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം, കർഷകരുടെ ലാഭം, പരിസ്ഥിതി സംരക്ഷണം എന്നിവയാണ് ജൈവ കൃഷി ഉൾപ്പടെയുള്ള സുസ്ഥിര കൃഷിരീതികളുടെ ലക്ഷ്യമെന്ന് ചടങ്ങിൽ സംസാരിച്ച പി ഹേമലത പറഞ്ഞു. ഈ സാഹചര്യത്തിൽ, പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് ജൈവ സുഗന്ധവ്യഞ്ജന ഉൽപാദനത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ എൻപിഒപിയുടെ എട്ടാം പതിപ്പ് നൽകുന്നു.

ഈ ശിൽപശാലയിലൂടെ സുസ്ഥിര കൃഷി സമ്പ്രദായങ്ങളെക്കുറിച്ചുള്ള ധാരണയും പ്രതിബദ്ധതയും വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അവർ അഭിപ്രായപ്പെട്ടു.അഗ്രിക്കൾച്ചറൽ ആന്റ് ഫുഡ് പ്രൊഡക്ട് എക്സ്പോർട് ഡെവലപ്മെന്റ് അതോറിറ്റി ജനറൽ മാനേജർ ഡോ. ശാശ്വതി ബോസ്, സ്പൈസസ് ബോർഡ് ഡയറക്ടർ (മാർക്കറ്റിംഗ്) ബി എൻ ഝാ, സ്പൈസസ് ബോർഡ് ഡയറക്ടർ (ഡവലപ്മെന്റ്) ധർമ്മേന്ദ്ര ദാസ്, സ്പൈസസ് ബോർഡ് മുൻ ഡയറക്ടറും എൻപിഒപി ലീഡ് ഓഡിറ്ററുമായ ഡോ. ജോജി മാത്യു എന്നിവർ സംസാരിച്ചു.

വിവിധ സെഷനുകളിലായി ഓർഗാനിക് സർട്ടിഫിക്കേഷൻ, പുതുക്കിയ എൻപിഒപി മാനദണ്ഡങ്ങൾ, വിപണിയിലെ പ്രവണതകൾ, പ്രായോഗിക വെല്ലുവിളികൾ എന്നിവയെക്കുറിച്ചുള്ള പ്രസന്റേഷനുകൾ നടന്നു.ജൈവ ഉൽപ്പാദനത്തിനുള്ള ദേശീയ പരിപാടിയുടെ എട്ടാം എഡിഷനെക്കുറിച്ച് ഡോ. ശാശ്വതി ബോസ് വിശദീകരിച്ചു. സ്പൈസസ് ബോർഡിന്റെ മുൻ ഡയറക്ടറും എൻപിഒപി ലീഡ് ഓഡിറ്ററുമായ ഡോ. ജോജി മാത്യുവിന്റെ നേതൃത്വത്തിൽ ചോദ്യോത്തര സെഷൻ നടന്നു.

ഓർഗാനിക് സുഗന്ധവ്യഞ്ജനങ്ങളുടെ സാധ്യതകൾ, ആഗോള ആവശ്യകത, നടപ്പിലാക്കുന്നതിലുള്ള വെല്ലുവിളികൾ എന്നിവയെക്കുറിച്ച് ബയോവിൻ അഗ്രോ റിസർച്ചിന്റെ ബിസിനസ് ഹെഡ് തേജസ് തയ്യിൽ, ജീവഗ്രാമം പ്രസിഡന്റും സിഇഒയുമായ ജോണി വടക്കുംചേരി എന്നിവർ സംസാരിച്ചു.

# ഫിലിപ്സ് സ്മാർട്ട് ലൈറ്റ് ഹബ്ബ് തുറന്നു

**കൊച്ചി :** ഇന്ത്യയിലുടനീളമുള്ള ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി, ലോകത്തിലെ മുൻനിര ലൈറ്റിംഗ് കമ്പനിയായ സിഗ്നിഫൈ (യൂറോനെക്സ്റ്റ്: ലൈറ്റ്), കൊച്ചിയിൽ ഫിലിപ്സ് സ്മാർട്ട് ലൈറ്റ് ഹബ്ബ് തുറന്നു. 1300 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആകർഷകമായി വ്യാപിച്ചുകിടക്കുന്ന ഈ സ്റ്റോറിൽ 400ലധികം എസ്.കെ.യു.കളുടെ വിപുലമായ ശേഖരം ഉണ്ട്,

ഹോം ലൈറ്റിംഗ് സാങ്കേതികവിദ്യയിലെ അതിനൂതന കണ്ടുപിടുത്തങ്ങൾ നേരിട്ട് അനുഭവിച്ച് ഉപഭോക്താക്കളെ അനുവദിക്കുന്ന തരത്തിലാണ് സ്റ്റോർ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് സിഗ്നിഫൈ ഗ്രേറ്റർ ഇന്ത്യയുടെ കൺസ്യൂമർ ബിസിനസ് മേധാവി സി അരുൺ കുമാർ, പറഞ്ഞു. രാജ്യത്തെ ഏറ്റവും വിപുലമായ ലൈറ്റിംഗ് ഉൽപ്പന്നങ്ങളുടെ ശ്രേണി ഞങ്ങളുടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഞങ്ങളുടെ പുതിയ സ്റ്റോർ രൂപകൽപ്പന ചെയ്തിരിക്കുന്നത് ഏറ്റവും പുതിയ ലൈറ്റിംഗ് സാങ്കേതികവിദ്യയും രൂപകൽപനയും പ്രദർശിപ്പിക്കുന്ന, സമാനതകളില്ലാത്ത ഷോപ്പിംഗ് അനുഭവം പ്രദാനം ചെയ്യുന്ന തരത്തിലാണ് . ഞങ്ങളുടെ ഉയർന്ന നിലവാരമുള്ള ഉൽപ്പന്നങ്ങളാലും മികച്ച സേവനത്താലും കൊച്ചി സമൂഹത്തെ സേവിക്കുന്നതിനും അവരുടെ ഹോം ഡെക്കോർ ആവശ്യകതകൾ നിറവേറ്റുന്നതിനും ഞങ്ങൾ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

# സൊണാറ്റ ഗോൾഡ് വാച്ചുകളുമായി സൊണാറ്റ



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും പ്രിയപ്പെട്ട വാച്ച് ബ്രാൻഡുകളിലൊന്നായ സൊനാറ്റ സ്വർണ വാച്ച് ശേഖരമായ സൊനാറ്റ ഗോൾഡ് വിപണിയിലവതരിപ്പിച്ചു. ഈ ശേഖരത്തിലെ ഓരോ വാച്ചിൻറയും ഡയലിൽ 0.15 ഗ്രാം തൂക്കമുള്ള തനിഷ്കിന്റെ 22 കാരറ്റ് സ്വർണ്ണ നാണയം ഉൾക്കൊള്ളിച്ചിരിക്കുന്നു.സ്ലീക്ക് കേസ് ഡിസൈൻ, ലാക്വേർഡ് ഹൈപോളിഷ് ബ്ലാക്ക് ഡയൽ, എംബഡഡ് ഗോൾഡ് കോയിൻ, ഒറിജിനൽ ലെതർ സ്ട്രാപ്പ് എന്നിവയാണ് സൊനാറ്റ ഗോൾഡ് വാച്ച് ശേഖരത്തിന്റെ മറ്റ് സവിശേഷതകൾ.സൊണാറ്റ ഗോൾഡ് വെറുമൊരു വാച്ച് മാത്രമല്ലന്നും അതൊരു അനുഭവമാണെന്നും സൊണാറ്റ ബ്രാൻഡ് ഹെഡ് പ്രതീക് ഗുപ്ത പറഞ്ഞു. ഈ വാച്ചുകൾ ഡിസൈനിനെ വിലമതിക്കുന്നവർക്കുള്ളതാണ്. സ്വർണ്ണത്തിൻറെ സൂക്ഷ്മവും ശക്തവുമായ ആവിഷ്കാരമാണ് സൊണാറ്റ ഗോൾഡ് എന്നും അദ്ദേഹം പറഞ്ഞു.

പുരുഷൻമാർക്കും സ്ത്രീകൾക്കുമായുള്ള രണ്ട് മനോഹരമായ വേരിയൻറുകളിൽ സൊണാറ്റ ഗോൾഡ് ലഭ്യമാണ്. 5,695 മുതൽ 5,995 രൂപ വരെയാണ് വില. www.sonatawatches.in, അംഗീകൃത റീട്ടെയിലർമാർ, ടൈറ്റൻ വേൾഡ്, ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവിടങ്ങളിൽ സൊണാറ്റ ഗോൾഡ് വാച്ചുകൾ ലഭ്യമാണ്.

# അക്ഷയ തൃതീയ ഓഫറുകളുമായി മുത്തൂറ്റ് റോയൽ ഗോൾഡ്

**കൊച്ചി:** മുത്തൂറ്റ് എം മാത്യു ഗ്രൂപ്പിന്റെ കമ്പനികളിലൊന്നായ മുത്തൂറ്റ് റോയൽ ഗോൾഡ് പ്രത്യേക അക്ഷയ തൃതീയ ഓഫറുകൾ പ്രഖ്യാപിച്ചു. ആഘോഷങ്ങളുടെ ഭാഗമായി ഉപഭോക്താക്കൾക്ക് 999 പരിശുദ്ധിയുള്ള 24 കാരറ്റ്  സ്വർണ്ണ നാണയങ്ങൾ, ബിഐഎസ് ഹാൾമാർക്കുള്ള 916 പരിശുദ്ധിയുള്ള 22 കാരറ്റ്  സ്വർണ്ണാഭരണങ്ങൾ, ആകർഷകമായ വെള്ളി ആഭരണങ്ങൾ എന്നിവ എറണാകുളം കലൂരിലെ റോയൽ ടവറിൽ പ്രവർത്തിക്കുന്ന മുത്തൂറ്റ് റോയൽ ഗോൾഡ് ഹെഡ് ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്. ഇന്ത്യയിലുടനീളം ഡെലിവറിയുമുണ്ട്. എല്ലാ സ്വർണ്ണ ഉൽപ്പന്നങ്ങൾക്കും പരിമിത കാലത്തേക്ക് 2 ശതമാനം കിഴിവും ലഭിക്കുമെന്ന് മുത്തൂറ്റ് റോയൽ ഗോൾഡ് പ്രമോട്ടർ ആർലിൻ മാത്യൂ മുത്തൂറ്റ് പറഞ്ഞു.ഉപഭോക്താക്കൾക്ക് അവരുടെ ഇഷ്ടപ്പെട്ട ആഭരണങ്ങൾ മുൻകൂട്ടി തിരഞ്ഞെടുക്കാനായി  അഡ്വാൻസ് ബുക്കിംഗ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ മുത്തൂറ്റ് റോയൽ ഗോൾഡിന്റെ ജനകീയമായ കനകവർഷ സ്വർണ്ണ നിക്ഷേപ പദ്ധതികളിലൂടെ 3 മാസം, 6 മാസം, 11 മാസം 20 ദിവസം കാലാവധികളിൽ ആകർഷകമായ ബോണസും ലഭിക്കും. ഇതിലൂടെ വിവിധ വിഭാഗങ്ങളിലെ  ഉപഭോക്താക്കൾക്ക് സ്വർണ്ണാഭരണങ്ങൾ കൂടുതൽ ചിട്ടയായതും കുറഞ്ഞ വിലയിലും സ്വന്തമാക്കാൻ കഴിയും. പ്രതിമാസ നിക്ഷേപ പദ്ധതികൾ 1,000 രൂപ മുതൽ ആരംഭിക്കുന്നു. ഇത് ഉപഭോക്താക്കൾക്ക് അക്ഷയ തൃതീയയുടെ സാംസ്കാരിക പ്രാധാന്യം ഉൾക്കൊള്ളുന്നതോടൊപ്പം അവരുടെ സ്വർണ്ണ നിക്ഷേപങ്ങൾ എളുപ്പത്തിൽ വളർത്താനും സഹായിക്കുന്നുവെന്നും ആർലിൻ മാത്യൂ മുത്തൂറ്റ് പറഞ്ഞു.

# ആധുനിക സോളാർ നിർമാണ സംവിധാനങ്ങൾ അവതരിപ്പിച്ച് സാത്വിക് ഗ്രീൻ എനർജി

**കൊച്ചി:** ചെന്നൈയിൽ നടന്ന റിന്യൂ എക്സ് 2025ൽ ആധുനിക സോളാർ നിർമാണ സംവിധാനങ്ങൾ അവതരിപ്പിച്ച് രാജ്യത്ത് അതിവേഗം വളരുന്ന മോഡ്യൂൾ നിർമാണ കമ്പനികളിൽ ഒന്നായ സാത്വിക് ഗ്രീൻ എനർജി.വീടുകൾ, വാണിജ്യ സ്ഥാപനങ്ങൾ, യൂട്ടിലിറ്റി സ്കെയിൽ പദ്ധതികൾ എന്നിവയ്ക്ക് അനുയോജ്യമായ എൻടോപ്കോൺ, എൻടോപ്കോൺ ജി12 ആർ സോളാർ ഉപകരണങ്ങളാണ് റിന്യൂഎക്സിൽ കമ്പനി പ്രദർശിപ്പിച്ചത്. എഞ്ചിനീയറിങ്, ശേഖരണം, നിർമാണം, ഉപരിതലത്തിലുള്ളതും മേൽക്കൂരയിലുള്ളതുമായ സോളാർ സംവിധാനങ്ങളുടെ പ്രവർത്തനം, പരിപാലനം തുടങ്ങിയവ ഉൾപ്പെടുന്ന ടേൺകീ ഇപിസി സൗകര്യങ്ങളും കമ്പനി ഉയർത്തിക്കാട്ടി. മോണോ ഫേഷ്യൽ, ബയോഫേഷ്യൽ രീതികളിൽ ഇവ ലഭ്യമാണ്.ഇന്ത്യയിൽ അതിവേഗം വളരുന്ന മോഡ്യൂൾ നിർമാണ കമ്പനികളിൽ ഒന്നും രാജ്യത്തെ സൗരോർജ്ജ വിപണിയിലെ പ്രമുഖ സ്ഥാപനങ്ങളിലൊന്നുമാണ് സാത്വിക് ഗ്രീൻ എനർജി. പോളി ക്രിസ്റ്റലൈൻ സെൽ സാങ്കേതികവിദ്യ, മോണോ ക്രിസ്റ്റലൈൻ സാങ്കേതികവിദ്യ, ബൈഫേഷ്യൽ സാങ്കേതികവിദ്യ, എം 12 സാങ്കേതികവിദ്യ, ആധുനിക ടണൽ ഓക്സൈഡ് പാസ്സിവേറ്റഡ് കോൺടാക്ട് സാങ്കേതികവിദ്യ എന്നിവയിൽ അധിഷ്ഠിതമായ മോഡ്യൂളുകൾ ലഭ്യമാക്കുന്നതിലൂടെ ഊർജ്ജനഷ്ടം കുറയ്ക്കാനും കാര്യക്ഷമത വർധിപ്പിക്കാനും വഴിയൊരുക്കുന്നു.2025 ഫെബ്രുവരി 28ലെ കണക്കുകൾ പ്രകാരം സാത്വിക് സോളാറിന്റെ ഏകദേശം 3.8 ജിഗാവാട്ട് മോഡ്യൂളുകളാണ് പ്രവർത്തിച്ചു വരുന്നത്. ഹരിയാനയിലെ അംബാലയിൽ ആകെ 7,24,225 ചതുരശ്ര അടിയിലായി മൂന്നു മോഡ്യൂൾ നിർമാണ സംവിധാനങ്ങളാണ് കമ്പനിയ്ക്കുള്ളത്. ഒരു സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഇന്ത്യയിലെ ഏറ്റവും വലിയ മോഡ്യൂൾ നിർമാണ സംവിധാനമാണിത്.ദക്ഷിണേന്ത്യയിലെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന സൗരോർജ്ജ വിപണിയിൽ ഏർപ്പെടാനുള്ള സംവിധാനങ്ങളാണ് റിന്യൂ എക്സ് ലഭ്യമാക്കിയതെന്ന് സാത്വക് ഗ്രീൻ എനർജി സിഇഒ പ്രശാന്ത് മാത്തൂർ പറഞ്ഞു. തങ്ങളുടെ സോളാർ മോഡ്യൂളുകളും ഇപിസി ശേഷിയും അവതരിപ്പിക്കുന്നതിൽ അതിയായ ആവേശമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഒ ആന്റ് എം, ഇപിസി മോഡ്യൂൾ നിർമാണം ശേഷിയുള്ള ഏതാനും ചില സമ്പൂർണ സേവന ദാതാക്കളിൽ ഒന്നാണ് സാത്വിക് ഗ്രീൻ എനർജി. സെൽ നിർമാണ സംവിധാനം, സോളാർ പമ്പ് നിർമാണം തുടങ്ങിയവ ആരംഭിക്കാനും കമ്പനി പദ്ധതിയിടുന്നുണ്ട്. 2024 സാമ്പത്തിക വർഷം 69.12 മെഗാവാട്ട് ഇൻസ്റ്റാൾ ചെയ്ത രാജ്യത്തെ മുൻനിര ഇപിസി കമ്പനികളിൽ ഒന്നാണിത്. ഇന്ത്യ, വടക്കൻ അമേരിക്ക, ആഫ്രിക്ക, തെക്കൻ ഏഷ്യ തുടങ്ങി വിവിധ പ്രദേശങ്ങളിൽ കമ്പനിയുടെ സാന്നിധ്യമുണ്ട്..




# സൂക്ഷ്മ ചെറുകിട സംരംഭകത്വ കോൺക്ലേവ് നടന്നു

**കൊച്ചി:** അസോസിയേഷൻ ഓഫ് ഇൻവെസ്റ്റ്മെന്റ് ബാങ്കേഴ്സ് ഓഫ് ഇന്ത്യയുടെ (എഐബിഐ) നേതൃത്വത്തിൽ കൊച്ചിയിൽ രണ്ടാമത് സൂക്ഷ്മ ചെറുകിട സംരംഭകത്വ കോൺക്ലേവ് (എസ്എംഇ) സംഘടിപ്പിച്ചു. നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് (എൻഎസ്ഇ), ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് (ബിഎസ്ഇ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാറ്റേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐസിഎഐ) എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച കോൺക്ലേവിൽ  ഇന്ത്യൻ മൂലധന വിപണിയുടെ പ്രവർത്തനവും സുതാര്യതയും, ചെറുകിട സംരംഭങ്ങൾക്ക് മൂലധന വിപണിയിൽ എങ്ങനെ മുന്നേറാം, സിഎ പ്രൊഫഷണലുകൾക്ക് ഓഹരി വിപണിയിലുള്ള അനന്ത സാധ്യതകളും അവസരങ്ങളും എന്നീ വിഷയങ്ങളിൽ വിദഗ്ധരുടെ ചർച്ചകൾ നടന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ ചെറുകിട സംരംഭങ്ങൾക്ക് ശരിയായ ദിശയിൽ മുന്നേറുന്നതിനുള്ള പാത ഒരുക്കുകയാണ് എസ്എംഇ കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നതെന്ന് എഐബിഐ സിഇഒ ഡോ. മിലിന്ദ് ദാൽവി പറഞ്ഞു.

ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ സുസ്ഥിര വളർച്ചയ്ക്കും വിജയകരമായ ലിസ്റ്റിംഗിനുംമുള്ള അവബോധം, മാർഗനിർദ്ദേശം, ശാക്തീകരണം എന്നിവയാണ് കോൺക്ലേവിലൂടെ നൽകാൻ ശ്രമിക്കുന്നത്. സാമ്പത്തിക മാനേജ്മെന്റ്, നിക്ഷേപക പ്രതീക്ഷകൾ എന്നിവയുടെ സങ്കീർണതകൾ നേരിടാൻ എസ്എംഇകളെ സഹായിക്കുന്നതിനുള്ള വേദി കൂടിയാണിത്. രാജ്യത്തെ വിവിധയിടങ്ങളിൽ ഇത്തരം കോണ്‍ക്ലേവുകൾ തുടർന്നും സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ദീപ് മണി ഷാ  സിജിഎം, സെബി,  ജിതേന്ദ്ര കുമാർ  ജിഎം,സെബി, അങ്കിത് ശർമ്മ  സിആർഒ, എൻഎസ്ഇ, ഡോ. മിലിന്ദ് ദാൽവി  സിഇഒ, എഐബിഐ, രാധ കീർത്തിവാസൻ  ഹെഡ് ലിസ്റ്റിംഗ് & എസ്എംഇ, ബിഎസ്ഇ, വെങ്കിട്ട രാഘവൻ എസ്. എംഡി, ഇക്വിറസ് കാപ്പിറ്റൽ (ഡയറക്ടർ, എഐബിഐ), സിഎ. ബാബു എബ്രഹാം കള്ളിവയലിൽ, ഐസിഎഐ സെൻട്രൽ കൗൺസിൽ അംഗം, പാർവതി മൂർത്തി  എവിപി, എസ്എംഇ ബിസിനസ് ഡെവലപ്മെന്റ്, എൻഎസ്ഇ, സിഎ. ദുർഗേഷ് കുമാർ കബ്ര, സിഎഫ്എംഐപി, ഐസിഎഐ ചെയർമാൻ, അലോക് ഹർലാൽക്ക  എംഡി, ഗ്രേറ്റക്സ് കോർപ്പറേറ്റ് സർവീസസ് ലിമിറ്റഡ്, സിഎഫ്എംഐപി, വൈസ് ചെയർമാൻ സിഎ. ദയാനിവാസ് ശർമ്മ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.




# സംരംഭകർക്കായി സി.ഐ.ഐ.യുടെ ദ്വിദിന ബിസിനസ് ശിൽപശാല കൊച്ചിയിൽ

**കൊച്ചി:** ചെറുകിട സംരംഭകരുടെ വളർച്ച ലക്ഷ്യമിട്ട് സി.ഐ.ഐ. സെന്റർ ഓഫ് എക്സലൻസ് ഓൺ എംപ്ലോയ്മെന്റ് ആൻഡ് ലൈവ്‌ലിഹുഡ് (സി.ഐ.ഐ. സി.ഇ.എൽ.) ബിസിനസ് ശിൽപശാലയ്ക്ക് ഹോട്ടൽ ദി ക്ലാസ്സിക്ക് ഫോർട്ടിൽ തുടക്കമായി. വിഗാർഡ് ഇൻഡസ്ട്രീസിന്റെ സഹായത്തോടെയാണ് സംരംഭകർക്ക് ഈ പരിശീലന പരിപാടി ലഭ്യമാക്കുന്നത്.

തൊഴിൽ സൃഷ്ടിക്കുന്നതിലും സാമ്പത്തിക വികസനം സാധ്യമാക്കുന്നതിലും സൂക്ഷ്മ സംരംഭങ്ങൾ വഹിക്കുന്ന സുപ്രധാന പങ്ക് ഈ ഉദ്യമം എടുത്തു കാണിക്കുന്നുവെന്ന് ശിപാശാലയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിച്ചു കൊണ്ട് സി.ഐ.ഐ. കൊച്ചി സോണൽ കൗൺസിൽ ചെയർമാൻ ബേർളി സി. നെല്ലുവേലിൽ അഭിപ്രായപ്പെട്ടു. എം.എസ്.എം.ഇ.കളുടെ വളർച്ചയ്ക്ക് പിന്തുണ നൽകുന്നതിനും അതിനായി സി.ഐ.ഐ.യുമായി സഹകരിക്കുന്നതിൽ വിഗാർഡിന് സന്തോഷമുണ്ടെന്നും വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് കോർപ്പറേറ്റ് മാനുഫാക്ചറിംഗ് സർവീസസ് വൈസ് പ്രസിഡന്റ് ശ്രീകുമാർ എ പറഞ്ഞു.കേരളത്തിലെ സൂക്ഷ്മ ബിസിനസ് മേഖല രാജ്യത്തെ ഏറ്റവും ഊർജ്ജസ്വലമായ ഒന്നാണെന്നും സംരംഭകർക്ക് വെല്ലുവിളികളെ അതിജീവിക്കാനും വിജയം കൈവരിക്കാനും ആവശ്യമായ വൈദഗ്ധ്യവും അറിവും നൽകുന്നതിനാണ് ഈ ദ്വിദിന ശിൽപശാല രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് സി.ഐ.ഐ. ദക്ഷിണ മേഖലയുടെ മുൻ ചെയർമാൻ നവാസ് മീരാൻ പറഞ്ഞു.സംരംഭകർക്ക് അവരുടെ ബിസിനസ്സുമായി ബന്ധപ്പെടുത്താൻ കഴിയുന്ന കേസ് സ്റ്റഡികളും സമീപനങ്ങളും ഉൾക്കൊള്ളുന്ന ഈ ദ്വിദിന ശിൽപശാല മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്നത് ഏറെ പ്രയോജനം ചെയ്യുമെന്ന് സി.ഐ.ഐ. കേരള ചെയർപേഴ്സൺ ശാലിനി വാരിയർ പറഞ്ഞു.

# ക്ലൈമറ്റ് സേഫ് പദ്ധതി അവതരിപ്പിച്ച് ബജാജ് അലയൻസ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്വകാര്യ ജനറൽ ഇൻഷുറൻസ് കമ്പനികളിലൊന്നായ ബജാജ് അലയൻസ് ജനറൽ ഇൻഷുറൻസ്, നൂതന പാരാമെട്രിക് ഇൻഷുറൻസ് ഉൽപ്പന്നമായ ക്ലൈമറ്റ് സേഫ് അവതരിപ്പിച്ചു. കാലാവസ്ഥയുമായി ബന്ധപ്പെട്ട അപകട സാധ്യതകൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ, കാലാവസ്ഥാ വ്യതിയാനത്തിന്റെ സ്വാധീനം സാരമായി ബാധിക്കാൻ സാധ്യതയുള്ളവർക്ക് സാമ്പത്തിക സംരക്ഷണം നൽകുന്നതിനാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നതെന്ന് ബജാജ് അലയൻസ് ജനറൽ ഇൻഷുറൻസ് എംഡിയും സിഇഒയുമായ ഡോ.തപൻ സിംഗൽ അറിയിച്ചു.

കടുത്ത ചൂട്, ശീത തരംഗങ്ങൾ, മഴക്കെടുതി എന്നിവ ഉൾപ്പെടെ കാലാവസ്ഥയുമായി ബന്ധപ്പെട്ട അപകടങ്ങൾ കാരണം വരുമാന നഷ്ടം അല്ലെങ്കിൽ വർധിച്ച ചെലവുകൾ നേരിടുന്ന റീട്ടെയിൽ ഉപഭോക്താക്കൾ, ഓട്ടോ/ടാക്സി ഡ്രൈവർമാർ, റീട്ടെയിൽ ഷോപ്പ് ഉടമകൾ, ഡെലിവറി ഏജന്റുമാർ, ഹോം സർവീസ് പ്രൊഫഷണലുകൾ, ഗിഗ് തൊഴിലാളികൾ, വീടുകളിലെ താമസക്കാർ, വിവിധ ഇവന്റുകളിൽ പങ്കെടുക്കുന്നവർ തുടങ്ങിയവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രത്യേകം തയ്യാറാക്കിയ ആദ്യത്തെ ക്ലൈമറ്റ് റിസ്ക് ഇൻഷുറൻസാണിത്. ഉയർന്ന വൈദ്യുതി ഉപയോഗം, അപ്രതീക്ഷിത യാത്രാ ചെലവുകൾ, പ്രതികൂല കാലാവസ്ഥ മൂലം വിൽപ്പനയിലുണ്ടാവുന്ന കുറവ്, വെള്ളപ്പൊക്കം മൂലമുള്ള വിതരണ ശൃംഖലയിലെ കാലതാമസം, നീണ്ടുനിൽക്കുന്ന മഴ മൂലമുണ്ടാകുന്ന ചോർച്ച, അമിതമായ മഴ മൂലമുണ്ടാകുന്ന അപകടങ്ങൾ, പ്രതികൂല കാലാവസ്ഥ കാരണം ദിവസ വേതന തൊഴിലാളികൾക്കുള്ള വരുമാനം നഷ്ടപ്പെടൽ, വീട്ടുപകരണങ്ങൾക്ക് സംഭവിക്കുന്ന കേടുപാടുകൾ, പ്രതികൂല കാലാവസ്ഥ മൂലമുള്ള ഇവന്റ് റദ്ദാക്കൽ എന്നിവ മൂലം ഉണ്ടാവുന്ന വർധിച്ച ജീവിത ചെലവുകൾക്ക് ക്ലൈമറ്റ് സേഫ് ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ഉപഭോക്താക്കൾക്ക് ബജാജ് അലയൻസ് ജനറൽ ഇൻഷുറൻസിന്റെ വെബ്സൈറ്റ്, കെയറിങ്ലി യുവേർസ് മൊബൈൽ ആപ്പ്, അവരുടെ മറ്റ് വിതരണ ചാനലുകൾ എന്നിവയിൽ നിന്ന് ക്ലൈമറ്റ് റിസ്ക് പരിരക്ഷ വാങ്ങാമെന്നും ഡോ.തപൻ സിംഗൽ അറിയിച്ചു.




# എപിക്യൂർ ഇന്നൊവേറ്റീവ് എൽ.എൽ.പി മികച്ച ഫിഷറീസ് സ്റ്റാർട്ടപ്പ്

**കൊച്ചി:** 2025 ലെ കോസ്റ്റൽ സ്റ്റേറ്റ്സ് ഫിഷറീസ് മീറ്റിൽ മികച്ച ഫിഷറീസ് സ്റ്റാർട്ടപ്പായി ഐ സി എ ആർ സിഫ്റ്റിലെ അഗ്രിബിസിനസ് ഇൻകുബേഷൻ സെന്ററിൽ നിന്നുള്ള സംരഭമായ എപിക്യൂർ ഇന്നൊവേറ്റീവ് എൽ.എൽ.പി തിരഞ്ഞെടുത്തു.സിഫ്റ്റിന്റെ സാങ്കേതിക പിന്തുണയോടെ 2022ൽ സ്ഥാപിതമായ ഫുഡ് പ്രോസസ്സിംഗ് കമ്പനിയായ എപിക്യൂർ ഇന്നൊവേറ്റീവ് എൽ.എൽ.പി സമുദ്രോത്പന്ന വ്യവസായത്തിൽ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുന്നു. ഇന്ത്യൻ, ആഗോള വിപണികളിലേക്ക് ശുചിത്വമുള്ളതും പാകം ചെയ്യാൻ തയ്യാറായതുമായ സമുദ്രവിഭവങ്ങൾ എപിക്യൂർ ഇന്നൊവേറ്റീവ് എൽഎൽപി വിതരണം ചെയ്യുന്നുണ്ട്.സിഫ്റ്റിന്റെ സാങ്കേതിക മാർഗ്ഗനിർദ്ദേശത്തോടെ, രാജ്യത്തിലെ ആദ്യത്തെ വാകം സ്കിൻ പാക്കേജിംഗ് സാങ്കേതികവിദ്യ എപിക്യൂർ അവതരിപ്പിച്ചു. ലീക്കില്ലാത്തതും അണുമുക്തവുമായ പാക്കേജിംഗും, ദീർഘകാല സംഭരണശേഷിയും, കയറ്റുമതി നിലവാരമുള്ള ഗുണമേന്മയും, 100% കെമിക്കൽ രഹിതവും വിൽപ്പനയ്ക്ക് അനുയോജ്യമായ അവതരണവുമാണ് വി.എസ്.പി സാങ്കേതികവിദ്യ ഉറപ്പാക്കുന്നത്. കേരളത്തിൽ പ്രവർത്തനം ആരംഭിച്ച എപിക്യൂർ തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലേക്ക് അതിവേഗം വ്യാപിച്ചു. സ്വിഗ്ഗി ഇൻസ്റ്റാമാർട്ട്, ബ്ലിങ്കിറ്റ് തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ എപിക്യൂറിന്റെ ഉൽപ്പന്നങ്ങൾ ലഭ്യമാണ്.കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ്, ജോർജ്ജ് കുര്യൻ, പ്രൊഫ. എസ്.പി. സിംഗ് ബാഗേൽ, നിതേഷ് നീലം നാരായൺ റാണെ തുടങ്ങിയവർ മുംബൈയിൽ നടന്ന കോസ്റ്റൽ സ്റ്റേറ്റ്സ് ഫിഷറീസ് മീറ്റിൽ പങ്കെടുത്തു.

പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (പിഎംഎംഎസ്‌വൈ) പ്രകാരം ഏഴ് തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 255 കോടിയിലധികം വിലമതിക്കുന്ന പദ്ധതികൾക്ക് ചടങ്ങിൽ തറക്കല്ലിട്ടു. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയുടെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാർ സംഘടിപ്പിച്ച ഈ പരിപാടിയിൽ എല്ലാ തീരദേശ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പങ്കാളിത്തം ഉണ്ടായിരുന്നു.

